**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1849** **29-09-2025 - ൽ മറുപടിയ്ക്ക്**

**4 വർഷ ബിരുദ കോഴ്സുകളുടെ സിലബസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ നടപ്പിലാക്കിയ 4 വർഷ ബിരുദ കോഴ്സുകളുടെ സിലബസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | കേരള, മഹാത്മാഗാന്ധി, ശ്രീനാരായണഗുരു ഓപ്പൺ, കുസാറ്റ് സർവകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസ്സ് പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിൽ വരുന്ന നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസ് അംഗീകരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്. 85 പ്രോഗ്രാമുകളിൽ 82 പ്രോഗ്രാമുകളുടെ നാലുവർഷം വരെയുള്ള സിലബസ് പൂർത്തിയാക്കിയിട്ടുണ്ട്. മറ്റ് 3 പ്രോഗ്രാമുകളുടെ 2 വർഷത്തെ സിലബസ് പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കണ്ണൂർ സർവകലാശാലയിൽ ഭൂരിഭാഗം നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെയും സിലബസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പ്രോഗ്രാമുകളുടെ സിലബസ് നിർമ്മാണം അവസാന ഘട്ടത്തിലാണ്.<br><br>തുഞ്ചത്തെഴുത്തച്ഛൻ മലയാള, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലകളിൽ സിലബസ്സ് നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. |
| (ബി) | കേരള സർവകലാശാലയുടെ 4 വർഷ ബി. എ. ഇംഗ്ലീഷ് കോഴ്സിന്റെ ഒന്നാം സെമസ്റ്ററിൽ കവി പാബ്ലോ നെരൂദയുടെ കവിതയെന്ന പേരിൽ പഠിക്കാനുണ്ടായിരുന്നത് എ. ഐ. ജനറേറ്റഡ് വ്യാജ കവിതയാണ് എന്നത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; | (ബി) | കേരള സർവകലാശാലയുടെ നാലുവർഷ ബി.എ. ഇംഗ്ലീഷ് ബിരുദ പ്രോഗ്രാമിന്റെ ഒന്നാം സെമെസ്റ്റർ സിലബസുമായി ബന്ധപ്പെട്ട ടി വിഷയത്തിൽ സർവകലാശാല, ഇംഗ്ലീഷ് ബോർഡ് ഓഫ് സ്റ്റഡീസിന്റെ വിശദീകരണം തേടുകയും ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പാഠഭാഗം സിലബസ്സിൽ നിന്നും നീക്കുവാനും പകരം കമലാദാസിന്റെ "An introduction" സിലബസ്സിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മേലിൽ ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മറുപടി (ബി)-യിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ